കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ് - ജീവനക്കാര്യം - സേഫ് കേരള പ്രൊജക്റ്റ് നടപ്പിലാകുന്നതുമായി ബന്ധപ്പെട്ട 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും, അധികമായി സൃഷ്ടിച്ച തസ്തികകൾക്കാവശ്യമായ ഓഫീസുകൾ രൂപീകരിച്ചും ജീവനക്കാരെ വിന്യസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗതം(സി)വകുപ്പ്

**സ.ഉ.(കൈ) നം.54/2018/ഗതാഗതം** തീയതി,തിരുവനന്തപുരം, 07/09/2018

---

പരാമർശം:- 1 സ.ഉ.(കൈ)നം.42/2018/ഗതാഗതം തീയതി 04.06.2018.

2 സ.ഉ.(കൈ)നം.44/2018/ഗതാഗതം തീയതി 16.06.2018.

3 ട്രാൻസ്പോർട്ട് കമ്മീഷണറുടെ , 31.08.2018 ലെ A1/ഇ-66817/2018/റ്റിസി(2)നമ്പർ കത്ത്

ഉത്തരവ്

പരാമർശം (1) പ്രകാരം സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിനായി 10 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും 65 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടര് മാരുടെയും 187 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടര് മാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ച സർക്കാർ ഉത്തരവായിരുന്നു.

2)സേഫ് കേരള പ്രൊജക്റ്റ് നടപ്പാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ നിലവിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ പ്രവർത്തിച്ച വരുന്ന 4 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ,34 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ, 68 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എന്നിവർക്ക് പുറമെ അധികമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഉൾക്കൊള്ളുന്നതിനായി കൂടുതൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്കൾ വേണമെന്ന് പരാമർശം (3) ലെ ട്രാൻസ്പോർട്ട് കമ്മീഷണറുടെ കത്തിൽ ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും നിലവിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡ്കൾക്കു പുറമെ പുതുതായി 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ കൂടി 14 ജില്ലകളിലായി ചുവടെ പറയും പ്രകാരം രൂപീകരിച്ച ഉത്തരവാകുന്നു.

| ജില്ല | നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡ് | പുതുതായി അനുവദിച്ച എൻഫോഴ്സ്മെന്റ് സ്ക്വാഡ് | ആകെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് |
|---|---|---|---|
| തിരുവനന്തപുരം | 4 | 4 | 8 |
| കൊല്ലം | 3 | 4 | 7 |
| പത്തനംതിട്ട | 2 | 3 | 5 |
| ആലപ്പുഴ | 2 | 4 | 6 |
| കോട്ടയം | 2 | 4 | 6 |

Scanned by CamScanner

| | | | |
|---|---|---|---|
| ഇടുക്കി | 2 | 4 | 6 |
| എറണാകുളം | 4 | 4 | 8 |
| തൃശ്ശൂർ | 3 | 4 | 7 |
| പാലക്കാട് | 2 | 4 | 6 |
| മലപ്പുറം | 2 | 4 | 6 |
| കോഴിക്കോട് | 4 | 4 | 8 |
| വയനാട് | 1 | 2 | 3 |
| കണ്ണൂർ | 2 | 4 | 6 |
| കാസറഗോഡ് | 1 | 2 | 3 |
| **ആകെ** | **34** | **51** | **85** |

3)പുതുതായി രൂപീകരിച്ച 51 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും നിലവിലുണ്ടായിരുന്ന 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ചേർന്ന 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ജില്ലാ അടിസ്ഥാനത്തിലുള്ള 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്) ന്റെ കീഴിൽ പ്രവർത്തിക്കേണ്ടതും ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡിലും ഒരു മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെയും (എൻഫോഴ്സ്മെന്റ്) (85x1=85) മൂന്ന് അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാരെയും (85x3=255) നിയമിക്കേണ്ടതും, അധികമുള്ള 14 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 14 കൺട്രോൾ റൂമുകളിലും വിന്യസിക്കേണ്ടതാണ്.

<u>4)എൻഫോഴ്സ്മെന്റ് സ്ക്വാഡ്കളിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥരുടെ കാലദൈർഘ്യം സംബന്ധിച്ച മാനദണ്ഡങ്ങൾ.</u>

i)എൻഫോഴ്സ്മെന്റ് സ്ക്വാഡ്കളിൽ സേഫ് കേരള പ്രോജക്റ്റിന്റെ ഭാഗമായി പുതുതായി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 3 വർഷത്തേക്കും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ 2 വർഷത്തേക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ 1 വർഷത്തേക്കും എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ ഒഴികെയുള്ള ഓഫീസുകളിലേക്ക് മാറ്റി നിയമിക്കുന്നതല്ല.

ii)എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ 8 മണിക്കൂർ ദൈർഘ്യമുള്ള 3 ഷിഫ്റ്റുകളിലായി 24 മണിക്കൂർ പ്രവർത്തിക്കേണ്ടതാണ്.

iii)എൻഫോഴ്സ്മെന്റ് സ്ക്വാഡുകളിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ ഡ്യൂട്ടി ക്രമങ്ങൾ നിശ്ചയിക്കുന്നത് ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഉത്തരവാദിത്തമാണ്.

iv)എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ പ്രവർത്തനം ട്രാൻസ്പോർട്ട് കമ്മീഷണർ നേരിട്ട് പരിശോധിക്കേണ്ടതുമാണ്.

5)മേൽ പറഞ്ഞ വിധത്തിൽ 14 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് (എൻഫോഴ്സ്മെന്റ്) രൂപീകരിച്ചും ചുവടെ പറയും പ്രകാരം ജീവനക്കാരെ വിന്യസിച്ചും ഉത്തരവാകുന്നു.

| ജില്ലാതലത്തിൽ രൂപീകൃതമായ എൻഫോഴ്സ്മെന്റ് സ്ക്വാഡ് | റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (എൻഫോഴ്സ്മെന്റ്) | മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ |
|---|---|---|---|
| തിരുവനന്തപുരം | 1 | 8 | 24 |
| കൊല്ലം | 1 | 7 | 21 |
| പത്തനംതിട്ട | 1 | 5 | 15 |
| ആലപ്പുഴ | 1 | 6 | 18 |
| കോട്ടയം | 1 | 6 | 18 |
| ഇടുക്കി | 1 | 6 | 18 |

Scanned by CamScanner

| | | | |
|---|---|---|---|
| എറണാകുളം | 1 | 8 | 24 |
| തൃശ്ശൂർ | 1 | 7 | 21 |
| പാലക്കാട് | 1 | 6 | 18 |
| മലപ്പുറം | 1 | 6 | 18 |
| കോഴിക്കോട് | 1 | 8 | 24 |
| വയനാട് | 1 | 3 | 9 |
| കണ്ണൂർ | 1 | 6 | 18 |
| കാസറഗോഡ് | 1 | 3 | 9 |
| ആകെ | 14 | 85 | 255 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ.ആര്.ജ്യോതിലാല്
പ്രിന്സിപ്പല് സെക്രട്ടറി

ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.
റോഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (U.O.Note No.738068/I&PW-A1/2018/FIN)
ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് (ട്രാൻസ്പോർട് കമ്മീഷണർ മുഖേനെ)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു.മുഖ്യമന്ത്രിയുടെ പി.എസ്
2. ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്
3. ട്രാൻസ്പോർട് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.

Scanned by CamScanner